# ധ്വനി

**ജി.എച്ച്.എസ്.എസ്.കണ്ണാടിപറമ്പ്**

# സാക്ഷ്യപത്രം

ഈ ഡിജിറ്റൽ മാഗസിനിലെ സൃഷ്ടികൾ ഈ സ്കൂളിലെ വിദ്യാർത്ഥികൾ അർപ്പണബോധത്തോടെ സത്യസന്ധമായി ചെയ്തതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു

ഹെഡ്മിസ്ട്രസ്

ജയശ്രീ എൻ

# പത്രാധിപസമിതി

ഫാത്തിമ മമ്മൂ കെ ടി

വിനിമയ കെ

വിസ്മയ എ പി

മൊയ്തീൻ നൗഫൽ

ആദിത്യൻ പി

ആകാശ് പി പി

മഞ്ജിമ പി പി

ശ്രീനാഥ് പി കെ

അനുഗ്രഹ് കെ വി

# ഉപദേശക സമിതി

ബബിലേഷ് കെ

സുഭാഷിത കെ

# ആമുഖം

വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ അസാ ധ്യമായ പലതിനെയും സാധ്യമാക്കിയിരിക്കുന്നു. സാങ്കേതികവിദ്യ ഉള്ള കുട്ടികളുടെ അഭിരുചി പ്രയോജനപ്പെടുത്താൻ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന കുട്ടികളുടെ  ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം ഇവിടെ സാക്ഷാത്കരിക്കുന്നു.കഥയും കവിതയും ലേഖന ങ്ങളും എല്ലാം ചേർന്ന ഡിജിറ്റൽ വിസ്മയ ലോകത്തേക്ക് എല്ലാവരെയും ഞങ്ങൾ കൂട്ടിക്കൊണ്ടുപോകുന്നു .


# എന്റെ ഗ്രാമം

തറികളുടേയും തിറകളുടേയും നാടായ കണ്ണൂരിൽ സ്ഥിതിചെയ്യുന്ന കണ്ണാടിപ്പറമ്പ് എന്ന കൊച്ച ഗ്രാമമാണ് നമ്മുടേത്. കണ്ണൂരിൽ നിന്നും 14 കി. മീ അകലെയാണ് കണ്ണാടിപ്പറമ്പ് സ്ഥിതി ചെയ്യുന്നത്. നാറാത്ത് ഗ്രാമ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തായി നിലകൊള്ളുന്ന ഇവിടുത്തെ ജനസംഖ്യ 12,656 ആണ്. ആകെ ജനസംഖ്യയുടെ 47% പുരുഷന്മാരും, 53% സ്ത്രീകളും ആണ്. ആകെ ജനസംഖ്യയുടെ 13% 6 വയസ്സിൽ താഴെയുള്ള കുട്ടികൾ ആണ്. ഇവിടത്തെ സാക്ഷരത 78% ആണ്. ഇതിൽ തന്നെ പുരുഷന്മാരുടെ സാക്ഷരത 81 ശതമാനവും സ്ത്രീകളുടെത് 75% ശതമാനവും ആണ്. മലബാറിൽ വളരെയധികം പ്രസിദ്ധിയാർജിച്ച കണ്ണാടിപ്പറമ്പ് ശ്രീധർമ്മശാസ്തക്ഷേത്രം ഇവിടുത്തെ വിശ്വാസത്തിന്റെ മാറ്റു കൂട്ടുന്നു. സ്ഫടികതുല്യമായ നദികൾ തഴുകിയ നാടാണ് കണ്ണാടിപ്പറമ്പ്. കണ്ണൂരിന്റെ വികസനത്തിന് കണ്ണാടിപ്പറമ്പിന്റെ പങ്ക് ചെറുതല്ല.

# വഴികാട്ടി

## വിദ്യാലയത്തിലേക്ക് എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

- കണ്ണൂർ നഗരത്തിൽ നിന്ന് 14 കി.മീ മാറി സ്ഥിതി ചെയ്യുന്നു.
- കണ്ണാടിപ്പറമ്പ് ശ്രീ ധർമ്മശാസ്താക്ഷേത്രത്തിന് എതിർവശം



# ഓർക്കാപ്പുറത്ത്

അമ്മു.... അമ്മൂട്ടി .... മുത്തശ്ശി നീട്ടിവിളിച്ചു കൊച്ചു കുട്ടി എവിടെ പോയി കിടക്കുവാ.വിളിച്ചാലും കേൾക്കില്ല ശിവ... ശിവ.... മുത്തശ്ശിയുടെ വിളി കേട്ടതെന്നോണം അവൾ എവിടുന്നോ തുള്ളിച്ചാടി വീട്ടുമുറ്റത്ത് എത്തി. അമ്മൂട്ടിക്ക് എന്നും സന്തോഷം ആണ്. അവൾക്ക് തന്റെ കൊച്ചു വീടിനു ചുറ്റും ഒരുപാട് കൂട്ടുകാർ ഉണ്ടായിരുന്നു

പൂക്കൾ, പൂമ്പാറ്റകൾ, കിളികൾ, അണ്ണാൻ, തുടങ്ങി ഒരുപാടുപേർ .അതിൽ ഏറ്റവും പ്രിയപ്പെട്ടത് തന്റെ കുഞ്ഞിക്കിളി തന്നെ. വീടിൻറെ തെക്കേ മൂലയിലാണ് അതിന്റെ കൂട്.രാവിലെ സ്കൂളിൽ പോകുമ്പോഴും വൈകുന്നേരം മടങ്ങി വീട്ടിലെത്തിയാലും ഒന്ന് എങ്ങനെയെങ്കിലും അതിന്റെ കൂട്ടിലേക്ക് എത്തി നോക്കാതെ വയ്യ. അതിനും കേൾക്കാം മുത്തശ്ശിയുടെ ശകാരം. വീണ കാലോ കയ്യോ ഒടിയും എന്റെ കുട്ടിയെ. 2 ദിവസം മുമ്പ് അവൾ ഒരു കാഴ്ച കണ്ടു ആ കൂട്ടിൽ 3 മുട്ട ഇരിക്കുന്നു. അവൾക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി.കുറച്ചുദിവസം കഴിയു മ്പോൾ അത് വിരിഞ്ഞ് കുഞ്ഞുങ്ങൾ ഉണ്ടാകുമല്ലോ എന്നോർത്തപ്പോൾ അവൾക്ക് സന്തോഷം അടക്കാനായില്ല. അവൾ ഓടിപ്പോയി മുത്തശ്ശിയെ കെട്ടിപ്പിടിച്ചു. അവൾ എപ്പോഴും അങ്ങനെയാ അവൾക്ക് എന്നും സന്തോഷം പങ്കുവെക്കാൻ മുത്തശ്ശിയാണ് കൂട്ട്. അച്ഛനും അമ്മയും

എന്നും ജോലി തിരക്കാണ്. രാവിലെ പോയാൽ വൈകുന്നേരം രണ്ടാളും തിരിച്ചെത്തു.

കുറേ ദിവസമായി വീട്ടിൽ വലിയ ചർച്ചയാണ് ആണ് അമ്മുക്കുട്ടിയുടെ അച്ഛൻ നഗരത്തിൽ പുതിയ ഫ്ലാറ്റ് വാങ്ങിയിട്ടുണ്ട്. സ്കൂൾ പൂട്ടിയാൽ ഉടൻ അങ്ങേയ്ക്ക് താമസം മാറ്റും. രാത്രി ഉറങ്ങാൻ കിട ക്കുമ്പോൾ അച്ഛൻ അമ്മയോട് പറയുന്നത് അവൾ നടുക്കത്തോടെ കേട്ടു. ഏതാനും ദിവസങ്ങൾക്കുള്ളിൽ വീട് പൊളിക്കാൻ ഏർപ്പാടാക്കിയിട്ടുണ്ട് എന്ന്. ആ സ്ഥലം മറ്റാർക്കോ കൊടുത്തി രിക്കുന്നു തൻറെ അച്ഛൻ എന്ന് അവൾ മനസ്സിലാക്കി.വേനലവധിക്ക് ദിവസങ്ങൾമാത്രം ആ കുഞ്ഞു മനസ്സ് ഒന്ന് പിടഞ്ഞു അയ്യോ എൻറെ കുഞ്ഞു കിളികൾ തീറ്റ കൊടുക്കുന്നതും കാത്തു മുകളിൽ നിന്നും ചിൽ . ... . ചിൽ ....എന്ന് കരഞ്ഞു കൊണ്ടിരിക്കുന്നു..അവൾക്ക് സങ്കടം സഹിക്കാനായില്ല അവൾക്ക് ഉറങ്ങാനേ കഴിഞ്ഞില്ല. എന്തി നാണീ മണിമാളികകൾ പണിയുന്നത് എത്രയെത്ര ചെടികൾ എത്രയെത്ര മരങ്ങളെല്ലാം മുറിഞ്ഞു വീഴുന്നു. അതിലൊക്കെ കൂടുകൂട്ടിയ ജീവജാല ങ്ങളുടെ അവസ്ഥ എന്താകും. കണ്ണും കാതും ഇല്ലാത്ത നെട്ടോട്ട മോടുന്ന ഇന്നത്തെ സമൂഹത്തിൽ ആരും മനസ്സിലാകും കുഞ്ഞു മനസ്സിന്റെ ഹൃദയവേദന.

******

# ഉണരുമാപുലരി

ഉണരുന്നൊരു ഭൂമിയിൽ
പുലരുന്ന ഒരു പ്രഭാതം
ഉയരുന്ന ഒരു സൂര്യനിൽ
പുലരുന്ന ഒരു പ്രഭാതം
കുരുവികൾ ഇണ ചേരും  മധുരം ഈ പുലരിയിൽ
വിടരുന്ന പൂക്കളിൽ മധു നുകരാം
ഭൂമിദേവി ഉണരുമ്പോൾ പൂവൻകോഴി കരയുമ്പോൾ
ഞെട്ടിയുണർന്ന് എഴുന്നേൽക്കും
മനുഷ്യവർഗ്ഗം

# സഞ്ചാരം

ഞാൻ രാവിലെ എഴുന്നേറ്റ് റെഡിയായി ആയി 8 20 ആയപ്പോഴേക്കും സ്കൂളിലെത്തി . അവിടെ എന്നെക്കാൾ മുൻപേ കുട്ടികൾ എത്തിയിരുന്നു .ഞാൻ ചുറ്റും നോക്കി ഒരു ക്ലാസിലെ വരാന്തയിൽ ചെന്ന് നിന്നു. സമയം പിന്നിടുന്തോറും എൻറെ ഫ്രണ്ട്സ് ഓരോന്നായി വരുന്നുണ്ടായിരുന്നു . ഞാൻ അവരോട് സന്തോഷം പങ്കുവയ്ക്കുമ്പോഴും സമയം അതിക്രമിച്ചിരിന്നു. പെട്ടെന്ന് തന്നെ ഞങ്ങൾ ബസ്സിന് അടുത്തേക്ക് പോയി .സരസ്വതി ടീച്ചർ കുട്ടികളുടെ പേരും ക്ലാസ്സ് വിളിച്ചു വരിവരിയായി ബസ്സിൽ കയറ്റി യാത്ര പുറപ്പെട്ടു. ദേവദൂതൻ എന്ന ബസ്സിൽ ഇതിൽ കൃത്യം 8 45 ന് ഇന്ന് തന്നെ യാത്രപുറപ്പെട്ടു . ആദ്യയാത്ര കരിമ്പ് ഗവേഷണ കേന്ദ്രത്തിലേക്ക് ആയിരുന്നു. അവിടെ മനോഹരങ്ങളായ മുല്ല ആന്തൂറിയം ഓണം വർണശബളമായ റോസ് റോസ് ഡാലിയ യൂഫോബിയ തുടങ്ങിയ പൂച്ചെടികൾ കണ്ടു. അവിടെ കൂടുതലും ഔഷധസസ്യങ്ങൾ ആയിരുന്നു. അവ വില്പനയ്ക്കും വെച്ചിരുന്നു. അവിടെ ഒരു കാട്ടിലൂടെ മനോഹരമായ അരുവി ഒഴുകുന്നുണ്ടായിരുന്നു. 1905 ലാണ് കരിമ്പം ജില്ലാ കൃഷിത്തോട്ടം രൂപീകൃതമായത്.അവിടെനിന്ന് തുടർന്ന് യാത്ര പുറപ്പെട്ടു കൃത്യം 11 20 അപ്പോൾ തന്നെ ഞങ്ങൾ കുരുമുളക് ഗവേഷണ കേന്ദ്രമായ പന്നിയൂർ എത്തിയിരുന്നു. അവിടെവെച്ച് വിവിധ പ്രദർശനങ്ങൾ കണ്ടു കൃഷിവിജ്ഞാന കേന്ദ്രവും കാർഷിക

വിപണന മേളയും കാർഷിക മന്ദിരവും അവിടെ ഉണ്ടായിരുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിൽ അക്വേറിയവും അതിൽ ധാരാളം മത്സ്യങ്ങളും ഉണ്ടായിരുന്നു. കൂടാതെ കൃഷിയെ കുറിച്ചുള്ള പുസ്തകങ്ങൾ സിഡികൾ പത്രവാർത്തകൾ ഇവയും കണ്ടു. മനുഷ്യ കരങ്ങളാൽ നിർമ്മിതമായ വിവിധ തരം കൂണകൾ പുറത്ത് വിവിധതരം പാനീയവും വിൽക്കുന്നുണ്ടായിരുന്നു .

മറ്റൊരു സ്ഥലത്ത് പ്രവേശിച്ചപ്പോൾ ഉൽപന്നങ്ങൾ കൊണ്ട് ഉണ്ടാക്കിയ പ്രതിമകളും കൂട്ടകളും കുടങ്ങളും കണ്ടു. അതൊക്കെ കണ്ടപ്പോൾ തന്നെ വളരെ അത്ഭുതം തോന്നി. പന്നിയൂർ കുരുമുളക് കേന്ദ്രങ്ങളുടെ ചുറ്റിക്കിടക്കുന്ന പ്രദേശത്തെ സ്റ്റിൽ മോഡലും കണ്ടു. കുറച്ചുകൂടി മുന്നോട്ട് ചെന്നപ്പോൾ ഔഷധത്തോട്ടം കണ്ടു . വേപ്പ് വിഴുങ്ങൽ കൂവളം 10 കർപ്പൂരം പനിക്കൂർക്ക എന്നിവ കണ്ടു. പന്നിയൂർ രണ്ട് മൂന്ന് നാല് എന്നീ കുരുമുളക് തൈകൾ 1995 ലാണ് പുറത്തിറങ്ങിയത്. നമ്മുടെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായ കുരുമുളക് തൈ പന്നിയൂർ 1 ആണ്. അടുത്ത യാത്ര പ്രകൃതി സുന്ദരമായ ആയ മാടായി പാറയിലേക്ക് ആണ്.. പരന്ന പാറക്കല്ലിൽ മനോഹരങ്ങളായ പച്ചപ്പുല്ലും തുമ്പപ്പൂവും കാണാൻ എന്ത് രസമാണെന്നോ. പ്രശസ്തമായ മാടായി കാവ്, ജൂതക്കുളം കണ്ട് മടക്കയാത്ര ആരംഭിച്ചു